ഭരണഭാഷ - മാതൃഭാഷ

ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം - 33
(ഹാജർ -ഡോ .എ .കൗശിഗൻ , ഐ എ എസ്)

നം.ഇ LR/232/2021-LR(E2) **12-10-2023**

വിഷയം : ജീവനക്കാര്യം : കേരള റവന്യൂ സർവ്വീസ് - തഹസിൽദാർ / സീനിയർ സൂപ്രണ്ട് തസ്തിക - സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

(1)ജി.ഒ(പി)നം.853/80/ആർഡി തീയതി 16.06.1980
(2)ജി.ഒ(പി)നം.58/2010/ആർഡി തീയതി 09.02.2010
(3)16/6/2023 - ലെ 2031 നമ്പരായുള്ള (14/6/2023-ലെ എൽആർ/12168/2022-എൽആർഇ(2) നമ്പർ) കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനം
(4)സർക്കാർ ഉത്തരവ് നം. സ.ഉ.(സാധാ) നം.3532/2023/RD, തീയതി 4/10/2023

ലാൻഡ് റവന്യൂ വകുപ്പിൽ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള 2022 ലെ സെലക്ട് ലിസ്റ്റ് പുനഃ ക്രമീകരിച്ചും 2023 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയും പരാമർശം (3) പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. പരാമർശം (4) ഉത്തരവ് പ്രകാരം തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒരു ജീവനക്കാരന് ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് മൂലം തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ പ്രസ്തുത ഒഴിവ് അടിയന്തിരമായി നികത്തുന്നതിനും ഭരണപരമായ സൗകര്യാർത്ഥവും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും, പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരിൽ സീനിയോരിറ്റി അടിസ്ഥാനത്തിൽ അടുത്തതായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുള്ള ഒരു ജീവനക്കാരിക്ക്, കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ട തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് 51400-110300 എന്ന ശമ്പള സ്കെയിലിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ടി ജീവനക്കാരിയുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന ജില്ലയിലേക്ക് നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഒഎ. 28/2020 നം. കേസിലും അനുബന്ധ കേസുകളിലും ബഹു. കോടതി പുറപ്പെടുവിച്ച 31/08/2021 ലെ ഉത്തരവിന്റേയും ഒ.പി.(കെ.എ.റ്റി) 265/2021 നം. കേസിലും അനുബന്ധ കേസുകളിലും ഒ.പി.(കെഎറ്റി) 378/2021 നം. കേസ്സിലും ബഹു. ഹൈക്കോടതി പുറപ്പെടുവിക്കുന്ന അന്തിമവിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമുള്ള പക്ഷം ടി സ്ഥാനക്കയറ്റം പുനഃപരിശോധിക്കുന്നതാണ്.

ക്രമ.നം	റാങ്ക് നമ്പർ	ജീവനക്കാരന്റെ പേര്	നിലവിൽ ജോലി ചെയ്യുന്ന ജില്ല/സ്റ്റേഷൻ	സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ജില്ല	റിമാർക്സ്
1	5617	BINDHU ALEX (107552)	കോട്ടയം/കാഞ്ഞിരപ്പള്ളി	മലപ്പുറം	

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരി വായന (1), (2) എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള തുടർച്ചയായ 2 വർഷത്തിനുള്ളിലെ ഒരു വർഷക്കാലത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതും ടി നിരീക്ഷണ കാലയളവിനുള്ളിൽ പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗ് നിർബന്ധമായും പൂർത്തിയാക്കേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാ കലക്ടർ/മേലധികാരി ടി ജീവനക്കാരിയെ ഒരു വർഷത്തെ നിരീക്ഷണകാലയളവിനുള്ളിൽ പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗിന് നിർബന്ധമായും നിയോഗിക്കേണ്ടതും ട്രെയിനിംഗിന് നിയോഗിക്കാത്ത കാരണം കൊണ്ട് നിരീക്ഷണകാലം ദീർഘിപ്പിക്കേണ്ടി വരാൻ ഇടയാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗിന് നിയോഗിക്കപ്പെടുമ്പോൾ റിലിംഗ്വിഷ് ചെയ്യുന്ന പക്ഷം ടി ജീവനക്കാരി രേഖാമൂലം അപേക്ഷിക്കേണ്ടതും ബന്ധപ്പെട്ട ജില്ലാ കലക്ടർ/ മേലധികാരി ആയത് അനുവദിക്കുന്ന പക്ഷം ടി വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ/മേലധികാരികൾ ടി ജീവനക്കാരിയെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യാനും ജോലിയിൽ പ്രവേശിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് (ആർ.റ്റി.സി.) ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവുമായി ബന്ധപ്പെട്ട് HRMS മൊഡ്യൂൾ ഉപയോഗിച്ച് മാത്രം വിടുതൽ / ജോലി പ്രവേശനം നടത്തേണ്ടതും, ജീവനക്കാരുടെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും ഡാറ്റാ ശരിയാണെന്നും ബന്ധപ്പെട്ട ജില്ലാ കലക്ടർ/ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതുമാണ്.

കമ്മീഷണർ

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ കലക്ടർമാർക്കും
3. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ)
4. നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സ്റ്റേറ്റ് ഐടി സെൽ
6. കരുതൽ ഫയൽ